**F 4416**

**(Pages : 3)**

**Reg. No..................................**

**Name.....................................**

# FIVE YEAR B.A., LL.B. (HONOURS) DEGREE/B.com. LL.B. (HONOURS) DEGREE EXAMINATION, OCTOBER 2023

## Fourth Semester

## FM 1—Additional Language

## Paper I—MALAYALAM

(2020 Admissions–Regular/2018 and 2019 Admissions–Supplementary)

Time : Three Hours

Maximum : 75 Marks

I. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

നിയമങ്ങളുടെ നിയമമാണ് ഭരണഘടന. മറ്റെല്ലാ നിയമങ്ങളും നിർമ്മിക്കുന്നത് ഭരണഘടനയ്ക്കനുസൃതമായിട്ടാവണം. മൗലികമായ പൗരാവകാശങ്ങളും കടമകളും എടുത്തു പറയുന്ന, രാഷ്ട്രത്തിലെ വിവിധ ഭരണകൂട സ്ഥാപനങ്ങളുടെ സ്വഭാവവും ഘടനയും പ്രവർത്തനവും അധികാരങ്ങളും നിർണ്ണയിക്കുന്ന, പ്രത്യേക പദവിയും പരിശുദ്ധിയും കല്പിച്ചു കൊടുത്തിട്ടുള്ള ഒരടിസ്ഥാന പ്രമാണമാണ് ഭരണഘടന. എല്ലാ ജനാധിപത്യ രാഷ്ട്രങ്ങളും ഭരണഘടനയുടെ പരമാധികാരം എന്ന സങ്കല്പനം അംഗീകരിക്കുന്നു. ഭരണഘടനയുടെ അഭാവം രാഷ്ട്രത്തെ അരാജകത്വത്തിലേക്ക് നയിക്കുന്നു. ജോർജ് വാഷിങ്ടണിന്റെ നേതൃത്വത്തിൽ 1787 മെയ് 14 ന് ഫിലാഡൽഫിയായിൽ വച്ച് കൺവൻഷൻ ചേർന്ന് രൂപം നൽകുകയും അതേ വർഷം സെപ്തംബർ 17 ന് അംഗീകരിക്കുകയും ചെയ്ത അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടനയാണ് ലോകത്തെ ആദ്യത്തെ ലിഖിത ഭരണഘടന. ഫിലാഡൽഫിയയിലെ സ്പെഷ്യൽ കൺവൻഷൻ പോലെ ഭരണഘടന രൂപകല്പന ചെയ്യുന്ന സമിതിക്ക് ഭരണഘടന നിർമ്മാണസഭയെന്ന് പറയുന്നു. ഇന്ത്യയിലെ ഭരണഘടനാ നിർമ്മാണസഭയുടെ സമ്മേളനം ആരംഭിച്ചത് 1946 ഡിസംബർ 9-നാണ്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമ മന്ത്രിയായിരുന്ന ഡോ. ബി. ആർ. അംബേദ്കർ ആയിരുന്നു ഡ്രാഫ്റ്റിംഗ് കമ്മറ്റിയുടെ ചെയർമാൻ.

1 ലോകത്തിലെ ആദ്യത്തെ ലിഖിത ഭരണഘടന ഏത് ?

2 സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ നിയമ മന്ത്രി ആരായിരുന്നു ?

3 ഭരണഘടന നിർമ്മാണസഭ എന്നാലെന്ത് ?

4 ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സഭയുടെ സമ്മേളനം ആരംഭിച്ച വർഷം.

5 നിയമങ്ങളുടെ നിയമം എന്ന് വിശേഷിപ്പിക്കുന്നത് ഏതിനെയാണ് ?

(5 × 1 = 5 marks)

Turn over

II. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യാസം എഴുതുക.

(a) പരിസ്ഥിതി വിജ്ഞാനം.

(b) നവമാധ്യമങ്ങൾ.

(1 × 10 = 10 marks)

III. അന്തരീക്ഷ മലിനീകരണത്തിന്റെ അപകടങ്ങളെ സംബന്ധിക്കുന്ന ഒരു കുറിപ്പ് തയ്യാറാക്കുക.

(1 × 10 = 10 marks)

IV. അർത്ഥവ്യത്യാസം എഴുതുക.

കൃതജ്ഞത – കൃതഘ്നത.

അനലൻ – അനിലൻ.

(2 × 1 = 2 marks)

V. വാക്യശുദ്ധി വരുത്തുക.

(a) എനിക്ക് അഞ്ച് പുസ്തകങ്ങൾ വേണം.

(b) എല്ലാ വെള്ളിയാഴ്ച തോറും പ്രാർത്ഥനയുണ്ട്.

(2 × 1 = 2 marks)

VI. ചിഹ്നങ്ങൾ ചേർക്കുക.

അവൾ കൊല്ലത്തു നിന്നും വന്നോ എന്ന് രമേശൻ ചോദിച്ചു എന്നാൽ ഞാൻ പറഞ്ഞു അവൾ വന്നില്ല പിന്നീട് ഞങ്ങളാരും ഒന്നും മിണ്ടിയില്ല.

(2 × 1 = 2 marks)

VII. ഭിത്തിക, ഉദ്ധരണി, വലയം എന്നിവ ഉദാഹരണസഹിതം എഴുതുക. (2 × 1 = 2 marks)

VIII. മഹാവാക്യം എന്നാലെന്ത് ? ഉദാഹരണം എഴുതുക. (2 × 1 = 2 marks)

IX. മലയാള മാസങ്ങൾ ക്രമത്തിലെഴുതുക. (2 × 1 = 2 marks)

X. മലയാള അക്കത്തിലെഴുതുക.

(a) 363.

(b) 043.

(c) 976.

(d) 721.

(4 × 1 = 4 marks)

XI. കുറിപ്പെഴുതുക.

(a) ഫീച്ചർ എന്നാലെന്ത് ? ഉദാഹരണസഹിതം എഴുതുക.

(b) ഒന്നു മുതൽ പത്ത് വരെയുള്ള നക്ഷത്രങ്ങൾ ക്രമത്തിലെഴുതുക.

(c) ഔദ്യോഗിക കത്ത് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

(3 × 3 = 9 marks)

XII. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക.

(a) പൂവമ്പഴം എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

(b) ഋതുക്കളുടെ കവിയാണ് ചെറുശ്ശേരി–അഭിപ്രായം എഴുതുക.

(c) കാല്പനികതയും ആധുനികതയും ഇഴുകിച്ചേർന്ന രചനാശൈലിയാണ് ഉറൂബിന്റേത്–രാച്ചിയമ്മയെ ആസ്പദമാക്കി ചർച്ച ചെയ്യുക.

(d) മലയാള കവിതയുടെ പൊട്ടിച്ചിരിയാണ് കുഞ്ചൻ നമ്പ്യാർ–അഭിപ്രായം എഴുതുക.

(e) എഴുത്തച്ഛന്റെ വർണനാപാടവം ഗാന്ധാരി വിലാപം എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

(f) മലയാള കവിതാ നിരൂപണത്തിൽ ഡോ. എം. ലീലാവതിയുടെ സംഭാവനകൾ ചർച്ച ചെയ്യുക.

(g) കൃഷിക്കാരൻ എന്ന കഥയുടെ സമകാലപ്രസക്തി വിവരിക്കുക.

($5 \times 5 = 25$ marks)